(4) ഗുണ്ടാസംഘങ്ങളേയും ബ്ലേഡ് കമ്പനികളേയും നിയന്ത്രിക്കണമെന്ന ആവശ്യം

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, സമൂഹത്തിലെ വളരെ പ്രധാനപ്പെട്ടതും ഇന്ന് സമൂഹത്തെ വല്ലാതെ ബാധിക്കുന്നതുമായ ഒരു വിഷയമാണിത്. കേരളത്തിൽ രജിസ്ട്രേഷനോ ലൈസൻസോ ഒന്നും ഇല്ലാതെ തന്നെ തമിഴ്നാട്ടിൽ നിന്നും കേരളത്തിനുള്ളിൽ നിന്നും വരുന്ന കള്ളപ്പണം ഉപയോഗിച്ച് നടത്തുന്ന ധാരാളം ബ്ലേഡ് പ്രസ്ഥാനങ്ങൾ ഉണ്ട്. വീടുകളിൽ തന്നെ പ്രവർത്തിക്കുകയും യാതൊരു രജിസ്ട്രേഷനുമില്ലാതെ പണം നൽകുകയും ചെയ്യുന്നു. പ്രത്യേകിച്ച് പുരുഷന് പണം നൽകുന്ന പരിപാടിയില്ല. 10,000 രൂപ കടം വാങ്ങുമ്പോൾ ഭാര്യയുടെ പേരിലുള്ള ചെക്ക് എഴുതി വാങ്ങിച്ചുകൊണ്ട് ഭർത്താവിന് പണം കൊടുക്കുകയും ഒടുവിൽ കേസ് കോടതിയിലേയ്ക്ക് പോവുകയും ബഹുമാനപ്പെട്ട സുപ്രീം കോടതി ചെക്കിന്റെ കാര്യത്തിൽ വളരെ കർശനമായ നിലപാട് എടുക്കുന്നതുകൊണ്ട്, 10,000 രൂപ വാങ്ങുന്നയാളിന് 10,00,000 രൂപയെന്ന് രണ്ട് പൂജ്യം കൂടി സ്വന്തം കൈപ്പടയിൽ എഴുതിച്ചേർത്ത് കോടതിയിൽ ഹാജരാക്കുകയും കോടതി നടപടികളും പിന്നീട് ശിക്ഷയും വരുന്ന ഒരു അവസ്ഥയിലേയ്ക്ക് സ്ത്രീകളും കുടുംബാംഗങ്ങളും പോകേണ്ട സ്ഥിതിയും വരുന്നു. പിന്നീട് ഗുണ്ടകളുടെ ഭീഷണിയും സഹിക്കവയ്യാതെ ആത്മഹത്യ ചെയ്യുന്ന ഒരു സാഹചര്യം നമ്മുടെ സംസ്ഥാനത്ത് നിലവിലുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ശ്രദ്ധിക്കണം. പല പ്രാവശ്യം അങ്ങ് തന്നെ പറഞ്ഞിട്ടുള്ളതാണ് ഗുണ്ടായിസം വളരുന്നത് ബ്ലേഡ് കമ്പനികളുടെ പ്രവർത്തനം കൊണ്ടാണെന്ന്. ഗുണ്ടകളുടെ ഭീഷണി കാരണം ആത്മഹത്യയിലേയ്ക്ക് വഴിതെളിക്കുന്ന ഒരു സാഹചര്യമുണ്ട്. ഇത് വളരെ അപകടകരമാണ്. അതായത് കേരളത്തിൽ രജിസ്റ്റർ ചെയ്തതും അംഗീകാരമുള്ളതുമായ ചിട്ടി കമ്പനികളും അതിന്റെ ബ്രാഞ്ചുകളും ബ്ലേഡ് കമ്പനികളും മാത്രം എടുത്താൽ കുറഞ്ഞത് ഒരു നിയോജകമണ്ഡലത്തിൽ 100 വച്ച് കൂട്ടിയാൽ 14,000 എണ്ണമുണ്ടാകും. അത് 10,000 എന്ന് കണക്കാക്കിയെടുത്താൽ പോലും, കേരളത്തിൽ പല പദ്ധതികളും നടപ്പാക്കാൻ പണമില്ല എന്ന് പറയുന്ന സാഹചര്യത്തിൽ 1,00,000 രൂപ ബ്ലേഡ് കമ്പനികളിൽ നിന്നും ഡെപ്പോസിറ്റായി വാങ്ങി 1% പലിശ സർക്കാരിന് കൊടുത്താലും ഈ സംസ്ഥാനത്ത് 100 കോടി രൂപ ഉടൻതന്നെ സമാഹരിക്കാൻ കഴിയുന്ന സാഹചര്യമുണ്ടാകും. അതിന് ഒരു നിയന്ത്രണം ഏർപ്പെടുത്തണം. അതു മാത്രമല്ല, പണം കടം കൊടുക്കുമ്പോൾ സർക്കാർ നിർദ്ദേശിക്കുന്ന ഒരു പ്രത്യേക ഫോമിൽ പണം കൊടുക്കുന്നതിനും കടം വാങ്ങുന്നയാൾ സ്വന്തം കയ്യക്ഷരത്തിൽ എഴുതി വാങ്ങുകയും ചെയ്യണം. ലൈസൻസ് ഫീസ് 3,000 രൂപയിൽ നിന്നും 5,000 രൂപയായി വർദ്ധിപ്പിച്ചുവെന്ന് പറഞ്ഞു. അതിനോട് എനിക്ക് യോജിക്കാൻ കഴിയില്ല. 10,000 രൂപയെങ്കിലും ഒരു വർഷം ഓരോ ബ്ലേഡ് കമ്പനിയുടെ ബ്രാഞ്ചിൽ നിന്നും ലൈസൻസ് ഫീസായി വാങ്ങുകയും ഒരു ലക്ഷം രൂപ വച്ച് ആ കമ്പനിയിൽ നിന്നും വാങ്ങിയാൽ, അതിൽ നിന്നും 1,00,000 രൂപ വച്ച് കിട്ടിയാൽ, 100 കോടി രൂപ ഈ സർക്കാരിന് വളരെ വേഗത്തിൽ സമാഹരിക്കാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: It is a good idea. Government will get some money.

ശ്രീ. കെ. ബി. ഗണേഷ്കുമാർ: അതുപയോഗിച്ച് ബഡ്ജറ്റിൽ പറഞ്ഞ പല പദ്ധതികളും നടപ്പിലാക്കാനും കഴിയും. അതു മാത്രമല്ല, ഒരു പ്രത്യേക ഫോം ഏർപ്പെടുത്തി രജിസ്ട്രേഷൻ ഇല്ലാത്ത ബാങ്കുകളേയും ഗുണ്ടാസംഘങ്ങളേയും നിയന്ത്രിക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ഡെപ്പോസിറ്റ് വാങ്ങിയാൽ പണം ഇടുന്നവർക്ക് ഒരു സെക്യൂരിറ്റി യുമാകും.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, കേരളത്തിൽ ബ്ലേഡ് കമ്പനികളും വട്ടിപ്പലിശയ്ക്ക് കൊടുക്കലുമൊക്കെ ധാരാളമുണ്ട്. പറഞ്ഞത് ശരിയാണ്. ഇതിനിടയിൽ ഗവൺമെന്റ് ഒരു തീരുമാനം എടുത്തിരിക്കുന്നത് ഈ മണി ലെൻഡേഴ്സ് നിയമപ്രകാരം മണി ലെൻഡിംഗ് നടത്തുന്ന എല്ലാവർക്കും രജിസ്ട്രേഷൻ ഉണ്ടായിരിക്കണം എന്നുള്ളതാണ്. ആ രജിസ്ട്രേഷൻ മൂവായിരം രൂപയിൽ നിന്ന് അയ്യായിരം രൂപയാക്കി മാറ്റിയിട്ടുണ്ട്. വേറെ ഒരു നിയമം അതിൽ കൊണ്ടുവന്നിട്ടുള്ളത് കൊമേഴ്സ്യൽ ബാങ്കുകൾ വാങ്ങിക്കുന്ന പലിശയിൽ കൂടുതലായി രണ്ടു ശതമാനത്തിൽ കൂടുതൽ പലിശ വാങ്ങാൻ പാടില്ല എന്നുള്ളതാണ്. ഈ രണ്ടു നിയമത്തിൽ കൂടുതൽ വലിയ നിയമങ്ങൾ ഇതിന് കൊണ്ടുവരാനുള്ള സാദ്ധ്യത വളരെ കുറവായിട്ടാണ് കാണുന്നത്. പക്ഷെ ഇതിന് തെറ്റായി പ്രവർത്തിക്കുന്ന ആളുകൾക്ക് മൂന്നുവർഷംവരെ തടവ് ശിക്ഷ കൊടുക്കാനുള്ള ഒരു നിയമവും കൊണ്ടുവന്നിട്ടുണ്ട്. അതാണ് സുപ്രീംകോടതി പറയുന്നത്. അതാണ് ഇതിന്റെ ഒരു സ്ഥിതി. ഏതായാലും ഒരു കാര്യം വളരെ ഗൗരവതരമായി ഗവൺമെന്റ് ശ്രദ്ധിക്കുന്നുണ്ട്. ഈ വിധത്തിലുള്ള ബ്ലേഡ് കമ്പനികളും രജിസ്ട്രേഷൻ ഇല്ലാതെ വട്ടിപ്പലിശക്ക് കൊടുക്കുന്നവരുടെ പേരിലും നിയമപരമായി നടപടിയെടുക്കാൻ ഉദ്യോഗസ്ഥർക്ക് അനുവാദം കൊടുക്കുന്നുണ്ട്. ഇതൊക്കെയായാലും നാട്ടിൻപുറത്ത് ഈ പലിശക്ക് കൊടുക്കുന്ന സമ്പ്രദായം വളരെ വിരളമായിട്ടല്ല, ധാരാളമുണ്ട്. പ്രത്യേകിച്ചും ഉൾനാടൻ പ്രദേശങ്ങളിൽ. ബഹുമാനപ്പെട്ട ഗണേഷ്കുമാർ പറഞ്ഞത് ശരിയാണ്. ചെക്ക് എഴുതി വാങ്ങും, സ്ത്രീകളുടെ പേരിൽ ചെക്ക് എഴുതി വാങ്ങും, കേസ് കൊടുക്കും, ഒക്കെ ചെയ്യും. പക്ഷെ ബ്ലേഡ് കമ്പനികളിൽ നിന്ന് ഗവൺമെന്റിന് കടം വാങ്ങിക്കാൻ പറ്റുമോ എന്നുള്ളതൊക്കെ ആലോചിക്കേണ്ട കാര്യമാണ്. പിന്നെ അവർ അവിടെ ബോർഡ് വയ്ക്കും, ഗവൺമെന്റ് അപ്രൂവ്ഡ് എന്നൊക്കെ പറഞ്ഞിട്ട്. ഇതൊക്കെ എത്രത്തോളം ശരിയായിരിക്കും എന്നുള്ളതൊക്കെ നമ്മൾ ആലോചിക്കേണ്ട കാര്യങ്ങളാണ്. ഏതായാലും ഇത് curb ചെയ്യാൻ വേണ്ടിയിട്ട് തീർച്ചയായിട്ടും ശ്രമിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly